പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.– 3548    10. 04. 2013- ലെ മറുപടി

'നിതാഖാത്ത് സമ്പ്രദായം'

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) സൗദി അറേബ്യയിൽ സ്വദേശിവത്ക്കരണത്തിനുള്ള 'നിതാഖാത്ത്' സമ്പ്രദായം ശക്തമാക്കിയതിനെത്തുടർന്ന് പ്രവാസിമലയാളികളുടെ ആശങ്ക വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. |
| (ബി) ആയതിന് അടിയന്തിരമായി പരിഹാരം കാണാനും പ്രവാസി മലയാളികളെ ആശങ്കയിൽ നിന്നും രക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ; | (ബി) സൗദി അറേബ്യയിലെ തൊഴിൽ മേഖലയിൽ സ്വദേശി വത്ക്കരണം നടപ്പാക്കുന്നതിന്റെ ഭാഗമായി നിതാഖാത്ത് സമ്പ്രദായം ശക്തമാക്കിയതിനെത്തുടർന്ന് പ്രവാസി ഇന്ത്യാക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടാതിരിക്കുവാൻ നയതന്ത്രതലത്തിൽ ചർച്ചകൾ നടത്തി പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 6 മാസത്തേക്ക് പൊതുമാപ്പ് നൽകാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്രത്തിനുള്ള നിവേദനത്തിൽ കേരളം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനു പുറമേ യാത്രാ രേഖകളില്ലാത്ത, നാട്ടിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്ന കേരളീയർക്ക് അവരുടെ ഐഡന്റിറ്റി തെളിയിക്കുന്നതിലേയ്ക്കായി ഇത്തരത്തിൽ എംബസ്സിയിൽ അപേക്ഷിച്ചവരുടെ |

വിലാസം പരിശോധിച്ച് എല്ലാ കളക്ടർമാരും 24 മണിക്കൂറിനകം ആവശ്യമായ പരിശോധനകൾ നടത്തി അവരെ തിരിച്ചറിഞ്ഞ് വ്യക്തിയെ സാക്ഷ്യപ്പെടുത്തി എംബസ്സിക്ക് മറുപടി നൽകുന്നതിനുള്ള സംവിധാനം എല്ലാ ജില്ലാ കളക്ട്രേറ്റുകളിലും സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി ഇതിനകം മലപ്പുറം, കോഴിക്കോട്, തൃശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലാ കളക്ട്രേറ്റുകളിൽ പ്രത്യേക സെൽ രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എംബസ്സി നൽകുന്ന എമർജൻസി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ഇവർക്ക് നാട്ടിലേക്ക് മടങ്ങാവുന്നതാണ്. ഇതിനു പുറമേ സൗദി അറേബ്യയിൽ നിന്നും തിരികെയെത്തുന്ന പ്രവാസി കേരളീയരെ സഹായിക്കുന്നതിനായി മൂന്നു വിമാനത്താവളങ്ങളിലും നോർക്ക വകുപ്പിന്റെ നേതൃത്വത്തിൽ ഹെൽപ് ഡെസ്ക്കുകൾ പ്രവർത്തനം ആരംഭിച്ചു. മാത്രമല്ല നോർക്ക-റൂട്ട്സ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഇതിലുപരിയായി എംബസി ഉൾപ്പെടെ എല്ലാ കേന്ദ്രങ്ങൾക്കും അടിയന്തിര സന്ദേശം സംസ്ഥാന സർക്കാരിനു കൈമാറുന്നതിനായി"nitaqat2013@norkaroots.net" എന്ന ഇ - മെയിൽ വിലാസം ആരംഭിച്ചിട്ടുണ്ട്.

(സി) സൗദി അറേബ്യയിൽ നിലവിൽ ഏകദേശം എത്ര മലയാളിതൊഴിലാളികളാണുള്ളത്; ഇതിൽ ഏറ്റവും കൂടുതൽ ഏത് ജില്ലയിലുള്ളവരാണ്; എത്ര;

(സി) തിരുവനന്തപുരം സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് മുഖാന്തിരം തയ്യാറാക്കിയ കേരള മൈഗ്രേഷൻ സർവ്വേ 2011 റിപ്പോർട്ട് പ്രകാരം സൗദി അറേബ്യയിൽ 5,74,739 പ്രവാസി മലയാളികൾ ഉണ്ടെന്നാണ് വിവരം. എന്നാൽ ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

(ഡി)'നിതാഖാത്ത്' സമ്പ്രദായം' സൗദി അറേബ്യ ശക്തമാക്കിയതോടുകൂടി എത്ര മലയാളികൾ ഇതിനകം കേരളത്തിൽ വന്നുവെന്നാണ് കണക്കാക്കുന്നത്; ഇവരെ പുനരധിവസിപ്പിക്കുവാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ഡി) 'നിതാഖാത്ത്' സമ്പ്രദായം ശക്തമാക്കിയതിനാൽ കേരളത്തിൽ എത്തിയ മലയാളികളുടെ എണ്ണം ലഭ്യമല്ല സ്വദേശിവൽക്കരണത്തിന്റെ ഭാഗമായി സൗദിയിൽ നിന്നു ജോലി നഷ്ടപ്പെട്ട് ഇതിനകം കേരളത്തിൽ വന്നവരുടെ വ്യക്തി വിവരങ്ങൾ ശേഖരിക്കുന്നതിനായി കേരളത്തിലെ എയർപോർട്ടുകളിൽ ഹെൽപ് ഡെസ്ക്കുകൾ ആരംഭിച്ചിട്ടുണ്ട്. തിരികെയെത്തിയ ശേഷം നാട്ടിൽ കുടുംബമൊത്ത് ജീവിക്കുന്നതിന് ഒരു സുസ്ഥിര വരുമാനം കണ്ടെത്തുന്നതിന് ഒരു കൈ സഹായമെന്ന നിലയിൽ മൂലധന സബ്സിഡി നൽകുന്ന പ്രവാസി പുനരധിവാസ പദ്ധതിക്ക് സർക്കാർ 11/03/2013 ലെ ജി.ഒ ആർ.റ്റി 75/2013/നോർക്ക രൂപം നൽകിയിട്ടുണ്ട് സൗദി അറേബ്യയിലെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ഗൾഫ് രാജ്യങ്ങളിൽ നിന്നും മറ്റ് വിദേശ രാജ്യങ്ങളിൽ നിന്നും തിരികെയെത്തുന്ന പ്രവാസികൾക്ക് സമഗ്രമായ പുനരധിവാസ പദ്ധതികൾ രൂപം നൽകുന്നതിനായി മന്ത്രിമാർ ഉൾപ്പെടുന്ന ഉന്നതതല ക്യാബിനറ്റ് സബ്കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ